പ്രതികരണം ● ടി. കെ ഇബ്‌റാഹീം
ടൊറണ്ടോ

# ഒബാമ വ്യത്യസ്തൻ തന്നെ

**ഒബാമയെക്കുറിച്ച്** ഞാൻ *പ്രബോധനം* വാല്യം 64, ലക്കം 49-ൽ എഴുതിയ ലേഖനത്തിന് കുറെ പ്രതികരണങ്ങൾ ഉണ്ടായിരുന്നു. കൂട്ടത്തിൽ പ്രമുഖ പത്രപ്രവർത്തകനും എന്റെ പ്രിയ സുഹൃത്തുമായ എം.സി.എ നാസറിന്റെ വിശദവും പ്രഗത്ഭവുമായ പ്രതികരണം (വാല്യം 65, ലക്കം:3) ഏറെ ശ്രദ്ധേയമായി.

എന്റെ ലേഖനത്തിന് *പ്രബോധനം* 'എന്തുകൊണ്ട് ഒബാമയെ പിന്തുണക്കുന്നു' എന്നാണ് തലക്കെട്ട് കൊടുത്തത്. അതിൽ ഒബാമയെ പിന്തുണക്കാനുള്ള പ്രേരണ പ്രകടമാണ്. ഞാനുദ്ദേശിച്ചിട്ടില്ലാത്ത ആ തലക്കെട്ട് നാസർ അടക്കമുള്ള പ്രതികരണക്കാരെ തെല്ലൊക്കെ വഴിതെറ്റിച്ചുകാണണം.

ആദ്യമേ പറയട്ടെ, ബുഷിൽനിന്നും മെക്കെയിനിൽനിന്നും ക്ലിന്റണിൽനിന്നും ഹിലരിയിൽനിന്നും പല നിലക്കും വ്യത്യസ്തൻതന്നെയാണ് ഒബാമ. അദ്ദേഹത്തെപ്പോലെ വ്യതിരിക്തത വിളങ്ങുന്ന ഒരു വ്യക്തിത്വം ഇന്ന് അമേരിക്കൻ രാഷ്ട്രീയത്തിലില്ല; അമേരിക്കൻ രാഷ്ട്രീയ ചരിത്രത്തിലുമില്ല.

"സഹൃദയനും പരോപകാര തൽപരനും ഗുണകാംക്ഷിയുമായ ഒരു മനുഷ്യനെന്ന നിലക്കും മഹാ മനസ്കനും ദീർഘദൃക്കുമായ ഒരു രാഷ്ട്രീയ നേതാവെന്ന നിലക്കും മറ്റാരേക്കാളും പ്രസിഡന്റ് സ്ഥാനത്തിന് അർഹനാണ് ഒബാമ.... അദ്ദേഹത്തിന്റെ പരാജയം അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള തിരോധാനം (മാർട്ടിൻ ലൂഥർ കിംഗിനെപ്പോലെയോ മറ്റോ) അമേരിക്കക്കും ലോകത്തിനും നഷ്ടവുമായിരിക്കും" - എന്റെ ഈ നിലപാടിൽ മാറ്റമില്ലാത്തത് ധാർഷ്ട്യം കൊണ്ടല്ല, മാറ്റാൻ മാത്രം ശക്തമായ വാദമുഖങ്ങൾ വിമർശകൻ മുന്നോട്ടുവെക്കാത്തതുകൊണ്ടാണ്. ഒബാമയും മറ്റു സ്ഥാനാർഥികളും തമ്മിലുള്ള 'താരതമ്യ'മാണ് എന്റെ അടിസ്ഥാനം. "മറ്റാരേക്കാളും പ്രസിഡന്റ് സ്ഥാനത്തിന് അർഹനാണ് ഒബാമ" എന്നാണ് എഴുതിയത്. ബുഷിനേക്കാൾ താരതമ്യേന നല്ലവനായ ഒരു വ്യക്തി വൈറ്റ് ഹൗസിൽ ഉപവിഷ്ഠനാവുന്നത് അമേരിക്കക്കും ലോകത്തിനും നല്ലതല്ലെന്ന് പറയാമോ? ഈ ആശയം മുഖവിലക്കെടുക്കാൻ വിമർശകർ തയാറായിട്ടില്ല. അഥവാ 'താരതമ്യേന' എന്ന നിർണായക ഘടകം അവർ ശ്രദ്ധിച്ചില്ല. ഒബാമ വന്നാൽ അമേരിക്ക അടിമുടി മാറുമെന്ന് ഞാൻ പറഞ്ഞിട്ടില്ല.

വിശുദ്ധ ഖുർആന്റെ അവതരണകാലത്ത് പേർഷ്യയുടെ മുമ്പിൽ റോം പരാജയപ്പെട്ടപ്പോൾ ഖുർആനും മുസ്‌ലിംകളും റോമിന്റെ ഭാഗം ചേർന്നു. സാമ്രാജ്യശക്തികളെന്ന നിലക്ക് റോമും പേർഷ്യയും രണ്ടും തകരേണ്ട ദുശ്ശക്തികൾതന്നെ (താമസിയാതെ ഇസ്‌ലാമുമായി ഏറ്റുമുട്ടി രണ്ടും തകരുകയും ചെയ്തു). പക്ഷേ ക്രൈസ്തവതയുടെ കാത്തുസൂക്ഷിപ്പുകാരായ റോമക്കാരെ അഗ്നിയാരാധകരായ പേർഷ്യക്കാരേക്കാൾ ഖുർആൻ വിലമതിച്ചു-താരതമ്യേന മെച്ചം അവരെന്ന നിലക്ക്. 'താരതമ്യേന' ഘടകം എപ്പോഴും പ്രധാനമെന്ന് ചുരുക്കം.

പ്രതികരണത്തിൽ മുഖ്യമായും മൂന്നു വിഷയങ്ങളാണുള്ളത്. 1. ഫലസ്ത്വീൻ. 2. ഇറാഖ്. 3. ഒബാമ-മെക്കെയിൻ-ബുഷ്-ക്ലിന്റൺ സാദൃശ്യം.

### 1. ഫലസ്ത്വീൻ

സിംഹഭാഗവും ഫലസ്ത്വീൻ പ്രശ്നം തന്നെ. ഈ പ്രശ്നം കേവലമൊരു മുസ്‌ലിം കണ്ണാടിയിലൂടെ നോക്കുമ്പോൾ അദ്ദേഹത്തിന്റെ ഒബാമാ വിമർശനം ഒരളവോളം ശരിയാണ്. പക്ഷേ, അമേരിക്കൻ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്ന ഒരു വ്യക്തിയിൽനിന്ന്, അത്രമേൽ പ്രതീക്ഷിക്കുന്നത് യുക്തിസഹമാണോ?

ഹമാസും ഇസ്‌ലാമിക ജിഹാദുമടക്കമുള്ള മുഴുവൻ ഫലസ്ത്വീനികളെയും പലപ്പോഴും ഇതികർത്തവ്യതാമൂഢരാക്കുന്ന പ്രശ്നമാണിപ്പോൾ ഫലസ്ത്വീൻ. ഇസ്രയേലിനെതിരെ ഖണ്ഡിതവും ദീർഘദൃഷ്ടിയിലധിഷ്ഠിതവുമായ ഒരു സ്ട്രാറ്റജി ഫലസ്ത്വീനിലെ ഒരു വിഭാഗത്തിനുമില്ല. അന്താരാഷ്ട്ര ചലനങ്ങളുടെ കൊടുങ്കാറ്റിൽ അസ്ഥിരമായി, അപ്പപ്പോഴുള്ള സംഭവഗതി ഓതിക്കൊടുക്കുന്ന നിലപാട് സ്വീകരിച്ചുകൊണ്ട് നീങ്ങുകയാണ് ഓരോ വിഭാഗവും. ഭാവിയെക്കുറിച്ച് സുചിന്തിതവും സുവ്യക്തവുമായ ഒരു കാഴ്ചപ്പാടില്ല. മുസ്‌ലിം -ജൂത അന്തിമ സംഘട്ടനത്തിന്റെ നാളുകൾ (ഹദീസുകളിൽ വന്നപോലെ) അടുത്തുവോ, അല്ല ഇനിയും ദശകങ്ങളോ നൂറ്റാണ്ടുകളോ കാത്തിരിക്കേണമോ? ആർക്കും പറയാനാവുന്നില്ല. അതിദുരൂഹവും അതിസങ്കീർണവും പ്രവചനാതീകവുമായ ഒരു പരു

വത്തിലെത്തി നിൽക്കുന്നു ഫലസ്ത്വീൻ. മധ്യപൗരസ്ത്യം ഒരഗ്നിപർവതത്തിന്റെ മുകളിലിരിക്കുന്നു എന്നു പറഞ്ഞാൽ വലിയ അതിശയോക്തിയാവില്ല. മധ്യപൂർവദേശത്തെയാകെ ഒരഗ്നികുണ്ഡമാക്കാൻ പോന്നതാണ് ഫലസ്ത്വീൻ പ്രശ്നം. ഇസ്രയേലിന്റെ ഇറാൻ ആക്രമണ സന്നാഹങ്ങൾ മുറുകുകയാണ്. നിലവിലുള്ള അവസ്ഥ വസ്തുനിഷ്ഠമായി വിലയിരുത്തുന്നതിലും ഭാവി പദ്ധതി രൂപപ്പെടുത്തുന്നതിലും അറബികളെയും ഫലസ്ത്വീനികളെയും ഇസ്‌ലാമിസ്റ്റുകളെ തന്നെയും അവ്യക്തതയും അനിശ്ചിതത്വവും പിടികൂടിയിരിക്കുന്നു.

ഇത്തരം ഒരു പ്രശ്നത്തെക്കുറിച്ച് തെരഞ്ഞെടുപ്പ് പ്രചാരണവേളയിൽ നടത്തപ്പെടുന്ന പ്രസ്താവനകളും പ്രഭാഷണങ്ങളും അഭിമുഖങ്ങളും- അതും മീഡിയയുടെ മാസ്മരശക്തിയിൽ ആവരണം ചെയ്ത- ഒരു വ്യക്തിയെ അന്തിമമായി വിലയിരുത്തുന്നതിൽ നിർണായക ഘടകമാക്കുമ്പോൾ (ലേഖകൻ ചെയ്തത് പോലെ) വസ്തുനിഷ്ഠത ചോർന്നു പോവുന്നു. മാത്രമല്ല കാമ്പയിനിൽതന്നെയും ഇസ്രയേലിനെ പൂർണമായി പിന്തുണക്കാനും ഫലസ്ത്വീനികളെ നിശ്ശേഷം തള്ളിപ്പറയാനും ഒബാമ മുതിർന്നിട്ടില്ല. അമേരിക്കയിലെ ശക്തമായ സയണിസ്റ്റ് ലോബിയെ വല്ലാതെ വിറളിപിടിപ്പിക്കാതിരിക്കാൻ പലതും തിരിച്ചും മറിച്ചും പറയാൻ ഒബാമ നിർബന്ധിതനാവുന്നുണ്ട് എന്നത് നിഷേധിക്കുന്നില്ല.

തന്റെ 'പ്രതീക്ഷയുടെ ധാർഷ്ട്യത്തി'ൽ ഹോളോകാസ്റ്റിൽനിന്ന് രക്ഷപ്പെട്ട ജൂതരോടും മർദിതരും പീഡിതരുമായ ഫലസ്ത്വീനികളോടും ഒപ്പം സഹതപിക്കുന്ന ഒബാമ, ഫലസ്ത്വീൻ പ്രശ്നത്തിന് ഒരു പരിഹാരം അടിച്ചേൽപിക്കാൻ അമേരിക്കക്ക് സാധ്യമാവുകയില്ലെന്ന് ഊന്നിപ്പറയുന്നുണ്ട്. രണ്ടു ജനതകളും ഒരുമിച്ച് കൂടി മാത്രമേ അത് പരിഹരിക്കാനാവൂ. അതെന്ന്? ഒബാമക്കുത്തരമില്ല; മറ്റാർക്കുമില്ലാത്തതുപോലെ.

വൈറ്റ് ഹൗസിലെത്തിയ ശേഷം ഒബാമയെ നമുക്ക് കാണേണ്ടതുണ്ട്. ഉടനെയല്ല, രണ്ടു വർഷമെങ്കിലും പ്രസിഡന്റ് പദത്തിലിരുന്ന ശേഷം. അപ്പോഴേ അദ്ദേഹത്തിന്റെ തനിനിറം പുറത്തുവരൂ. തന്റെ പുസ്തകത്തിലദ്ദേഹം അമേരിക്കക്കും ലോകത്തിനും നൽകിയ ചിത്രം, പ്രതീക്ഷയുടെ ചിത്രം, അതിലദ്ദേഹം സത്യസന്ധനായിരുന്നോ, കപടനായിരുന്നോ എന്നൊക്കെ അപ്പോഴേ വ്യക്തമാവൂ. അദ്ദേഹം കപടനല്ല എന്നാണെനിക്ക്

**അന്താരാഷ്ട്രതലത്തിലെ ആകസ്മിക മാറ്റങ്ങൾ, അമേരിക്കയിലെ അഭൂതപൂർവമായ ആഭ്യന്തര പ്രശ്നങ്ങൾ, അങ്കലാപ്പുകൾ, ബുഷ് വിട്ടേച്ചുപോവുന്ന ദേശീയവും വൈദേശികവുമായ അനർഥങ്ങൾ, പരിചയക്കുറവ്, തന്റെ നേർക്കുണ്ടായേക്കാവുന്ന ഗൂഢാലോചനകൾ, വധശ്രമങ്ങൾ- ഇതിന്റെയൊക്കെ നടുവിൽ പാവം ഒബാമ നേതൃത്വശേഷി തെളിയിക്കുമോ, സത്യത്തിലും നീതിയിലും ഉറച്ചുനിൽക്കുമോ, അല്ല കാലിടറുമോ, അടിതെറ്റി വീഴുമോ - എല്ലാം കാത്തിരുന്നറിയണം. ഇപ്പോഴേ അതേക്കുറിച്ചൊക്കെ വിധിയെഴുതുന്നത് കടന്ന കൈയായിരിക്കും.**

തോന്നുന്നത്. ലേഖകൻ സമ്മതിക്കുന്ന പോലെ 'ഒരു കുട്ടിയുടെ സൗമ്യഭാവം ആ മുഖത്തുണ്ട്' (പേജ് 15). ഒരു മനുഷ്യ സ്നേഹിയുടെ ഹൃദയം 'പ്രതീക്ഷയുടെ ധാർഷ്ട്യ'ത്തിലും പ്രതിബിംബിക്കുന്നു. പക്ഷേ അന്താരാഷ്ട്രതലത്തിലെ ആകസ്മിക മാറ്റങ്ങൾ, അമേരിക്കയിലെ അഭൂതപൂർവമായ ആഭ്യന്തര പ്രശ്നങ്ങൾ, അങ്കലാപ്പുകൾ, ബുഷ് വിട്ടേച്ചുപോവുന്ന ദേശീയവും വൈദേശികവുമായ അനർഥങ്ങൾ, പരിചയക്കുറവ്, തന്റെ നേർക്കുണ്ടായേക്കാവുന്ന ഗൂഢാലോചനകൾ, വധശ്രമങ്ങൾ- ഇതിന്റെയൊക്കെ നടുവിൽ പാവം ഒബാമ നേതൃത്വശേഷി തെളിയിക്കുമോ, സത്യത്തിലും നീതിയിലും ഉറച്ചുനിൽക്കുമോ, അല്ല കാലിടറുമോ, അടിതെറ്റി വീഴുമോ - എല്ലാം കാത്തിരുന്നറിയണം. ഇപ്പോഴേ അതേക്കുറിച്ചൊക്കെ വിധിയെഴുതുന്നത് കടന്ന കൈയായിരിക്കും.

ഫലസ്ത്വീൻ, വിശിഷ്യാ മസ്ജിദുൽ അഖ്സാ ഈ ലേഖകന്റെയും ദുഃഖങ്ങളുടെയും പ്രാർഥനകളുടെയും അവിഭാജ്യ ഘടകമാണ്. ഹമാസിന്റെ ലക്ഷ്യങ്ങളോടും എതിർപ്പില്ല. പക്ഷേ, ആ ലക്ഷ്യങ്ങൾ നേടാനുള്ള സ്ട്രാറ്റജിയുടെ ചില വശങ്ങളോട് അഭിപ്രായാന്തരമുണ്ട്. എട്ടു വർഷം മുമ്പ് ഖാലിദ് മിശ്അൽ ഖത്തറിലെ രഹസ്യ അഭയസങ്കേതത്തിൽ കഴിയുമ്പോൾ ഞാനദ്ദേഹത്തെ കണ്ടു. 'ഫലസ്ത്വീന് വേണ്ടി ഒരു ലോക വിമോചന പ്രസ്ഥാനം' എന്ന തലക്കെട്ടിൽ ഞാൻ അറബിയിൽ ഒരു ലേഖനമെഴുതിയിരുന്നു. അത് അദ്ദേഹത്തിന് കൊടുത്തു. അതുടനെ ഹമാസിന്റെ വെബ്സൈറ്റിലിടാൻ അദ്ദേഹം ഏർപ്പാട് ചെയ്തു. പിന്നീടാ ലേഖനം കുവൈത്തിൽനിന്ന് പ്രസിദ്ധീകരിക്കുന്ന *അൽ മുജ്തമഅ്* വാരികയിൽ പ്രസിദ്ധീകൃതമായി. അമേരിക്കൻ മസ്തിഷ്ക പ്രക്ഷാളനത്തിന് വിധേയനായോ ഈ ലേഖകൻ എന്നാരും സംശയിക്കേണ്ടതില്ല. ഹമാസ് തന്നെ അമേരിക്കയുമായി സംഭാഷണത്തിന് ശ്രമിക്കാറുണ്ട്. ചില സന്ദർഭങ്ങളിൽ കൊടിയ ശത്രുക്കളോടും സന്ധി വേണ്ടിവരും. അനുഭവലോകത്തിന്റെ അനിവാര്യതകളാണതൊക്കെ. ഹുദൈബിയ മാതൃക പിൻപറ്റി ഇസ്രയേലുമായി ഒരു സന്ധി ആയിക്കൂടെ? യൂസുഫുൽ ഖറദാവി അടക്കമുള്ള ഉയർന്ന പണ്ഡിതന്മാർക്കിടയിൽ ഇവ്വിഷയകമായി അഭിപ്രായാന്തരമുണ്ട്. അദ്ദേഹം പൂർണ ഹമാസ് പക്ഷക്കാരനാണെന്നത് ശരിതന്നെ. ഇപ്പോഴത്തെ *തഹ്ദിഅ* (ശാക്തീകരണം)യിൽ അദ്ദേഹം പൂർണ സംതൃപ്തി പ്രകടിപ്പിച്ചു. കഴിഞ്ഞ മാസം അദ്ദേഹത്തിന്റെ വസതിയിൽ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി അമീർ മൗലാനാ ജലാലുദ്ദീൻ അൻസർ ഉമരിയെയും സംഘത്തെയും സ്വീകരിച്ച് സംഭാഷണം നടത്തുമ്പോഴാണ് അദ്ദേഹം ആ സംതൃപ്തി പ്രകടിപ്പിച്ചത്. ഹമാസിന് തെല്ലൊന്ന് ശ്വാസം വിടാനവസരം ലഭിക്കുമല്ലോ എന്നദ്ദേഹം ആശ്വസിച്ചു.

## 2. ഇറാഖ്

ഇറാഖ് അധിനിവേശത്തെ അതിന്റെ തുടക്കത്തിൽ തന്നെ ഒബാമ ശക്തിയായി എതിർത്തു. ബഹുഭൂരിപക്ഷം അമേരിക്കക്കാരും- റിപ്പബ്ലിക്കനും ഡമോക്രാറ്റുമൊക്കെ- അനുകൂലിച്ച ഇറാഖ് യുദ്ധത്തെ ധീരമായി എതിർത്തുനിന്നു എന്നത് ഒബാമയുടെ നിലപാടിന്റെ ധാർമികാസ്തിവാരം വിളിച്ചോതുന്നു.

അതിസങ്കീർണമായ കലുഷിതമായ ഇറാഖ് പ്രശ്നത്തിൽ ഒബാമക്ക് ഒരു നിർണിത പദ്ധതി സമർപ്പിക്കാനില്ലെങ്കിൽ അതിൽ അത്ഭുതം കൂറാനില്ല; അദ്ദേഹത്തിൽ കാപട്യം ചാർത്താനുമില്ല. ബുഷിനോട് ഒബാമയെ സാദൃശ്യപ്പെടുത്തുന്നതും പന്തിയല്ല (പേജ് 14). സാമ്രാജ്യത്വ ദുർമോഹ ലഹരിയിൽ, WMD കള്ളക്കഥമെനഞ്ഞുണ്ടാക്കി സ്വന്തം നാട്ടുകാരെ വഞ്ചിച്ച് എണ്ണക്കു വേണ്ടി മാത്രം ഇറാഖ് ആക്രമിച്ച് കൈയേറിയ ബുഷ് എവിടെ? ബുഷ് എത്തിച്ച ദുർഗതിയിൽനിന്ന് ഇറാഖിനെ കരകയറ്റാൻ പാടുപെടുന്ന ഒബാമ എവിടെ? ഒബാമയോട് യുദ്ധക്കുറ്റവാളി

യായ ബുഷിന്റെ പേർ ചേർത്തുപറയുന്നതുതന്നെ അനീതിയല്ലേ?

## 3. ഒബാമ-ബുഷ്-മെക്കയിൻ-ക്ലിന്റൺ സാദൃശ്യം

ഒബാമ മെക്കെയിനിൽനിന്ന് വ്യത്യസ്തനല്ലെന്ന് സിദ്ധാന്തിക്കുകയും, അവർ തമ്മിലുള്ള അകലം വളരെ നേർത്തതാണെന്ന് തെളിയാനിരിക്കുന്നയേുള്ളൂ എന്ന് അകാല പ്രവചനം നടത്തുകയും ചെയ്യുന്ന ലേഖകൻ, 'നിജാദുമായും ചാവേസുമായും കാസ്ട്രോയുമായും ചർച്ച ചെയ്യാൻ തയാറാകുന്ന ഒബാമയുടെ നിലപാട് ധീരമെന്ന് വിശേഷിപ്പിക്കുകയും ചെയ്യുന്നു' (പേജ് 13). പരസ്പര വൈരുധ്യം തോന്നുന്നില്ലേ? അമേരിക്കൻ പട്ടാളം നൂറുകൊല്ലം ഇറാഖിൽ തുടരുമെന്ന് പ്രഖ്യാപിച്ച മെക്കയിനും, കഴിവതും വേഗം പട്ടാളത്തെ പിൻവലിക്കണമെന്നാവശ്യപ്പെടുന്ന ഒബാമയും തമ്മിലെന്ത് സാദൃശ്യം? ക്ലിന്റൺ-ഹിലരികളാവട്ടെ ഇറാഖ് അധിനിവേശം എതിർത്തതുമില്ല. അവരിൽനിന്നൊക്കെ ഒബാമയെ വ്യത്യസ്തനായി കാണാതിരിക്കുന്നത് തികഞ്ഞ അന്യായമാവില്ലേ? ഇറാൻ പോലുള്ള ചില വിഷയങ്ങളിൽ ഒബാമ ബുഷിനേക്കാൾ മുസ്ലിം വിരുദ്ധനാണെന്ന് വരുത്താൻ വരെ ലേഖകന്റെ ഒബാമനിരാസം അതിരു കടന്നുപോയി (പേജ് 14).

"കെന്നഡിയെപ്പോലെ, മാർട്ടിൻ ലൂഥർ കിംഗിനെപ്പോലെ, എന്തു വില കൊടുത്തും എന്ത് ദുരിതം സഹിച്ചും ഞങ്ങൾ അതിജയിക്കും എന്ന പ്രത്യാശയുടെ കപടസ്വരം തന്നെയാണ് ഒബാമയും കടം കൊണ്ടിരിക്കുന്നത്" (പേജ് 14) എന്ന ലേഖകന്റെ പ്രസ്താവന ആയശക്കുഴപ്പം സൃഷ്ടിക്കുന്നു. അമേരിക്കൻ സാമ്രാജ്യത്വ അജണ്ടയെ പ്രതിനിധീകരിക്കുന്ന കെന്നഡിയും ഗാന്ധിജിയുടെ അക്രമരാഹിത്യമാർഗം പിന്തുടർന്ന് അമേരിക്കയിലെ കറുത്ത വർഗത്തിന്റെ സമുദ്ധാരണത്തിന് വേണ്ടി രക്തസാക്ഷിത്വം വരിച്ച മാർട്ടിൻ ലൂഥർ കിംഗും ലേഖകന്റെ ദൃഷ്ടിയിൽ എവിടെ സന്ധിക്കുന്നു? കെന്നഡിയോടൊപ്പം ഒബാമയെയും കാപട്യപട്ടം അണിയിച്ചതും അതിരുകവിഞ്ഞ ഒബാമാവിരോധമായിപ്പോയില്ലേ? 'നയതന്ത്ര വൈദഗ്ധ്യവും വ്യക്തിത്വ പരിവേഷവുംകൊണ്ട് ശ്രദ്ധ പിടിച്ചുപറ്റാനുള്ള പതിവ് ശ്രമം' (പേജ് 14) എന്ന് ഒബാമയെ ലേഖകൻ വീണ്ടും കാപട്യപരിവേഷമണിയിക്കുന്നു. ലേഖകൻ തന്നെ സമ്മതിച്ച 'ഒരു കുട്ടിയുടെ സൗമ്യഭാവം' എങ്ങുപോയി? അതല്ല ആ സൗമ്യതയും കപടമാണെന്നോ? രാഷ്ട്രീയത്തിൽ അതൊന്നും അത്ഭുതമല്ലെങ്കിലും. പക്ഷേ ഒബാമ ഒരു കപട രാഷ്ട്രീയക്കാരനെന്ന് വിധിപറയാൻ സമയമായോ?

## റിപ്പബ്ലിക്കൻ-ഡെമോക്രാറ്റ് താരതമ്യം

'ഡെമോക്രാറ്റുകളും റിപ്പബ്ലിക്കുകളും അന്യ രാഷ്ട്രങ്ങളിലെ ഇടപെടലാണ് വിദേശനയത്തിന്റെ അടിത്തറയെന്ന് സ്വപ്നം കാണുന്നവരാണ്' (പേജ് 15) എന്ന് എഴുതുമ്പോൾ ഒബാമ ആ രണ്ടു പാർട്ടികൾക്കും അതീതനായി പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കണമെന്നാണോ ലേഖകൻ നിർദേശിക്കുന്നത്? അല്ല, രംഗം പാടെ വിടണമെന്നോ? മാറ്റത്തിന്റെ ഒരപ്പോസ്തലനും നിലവിലുള്ള ഘടനയുടെ അപ്പുറത്ത് നിന്ന് മാറ്റം കൊണ്ടുവരിക ക്ഷിപ്രസാധ്യമല്ല. ഒബാമ കെന്നഡിയെ ഉദ്ധരിക്കുമ്പോൾ, അദ്ദേഹത്തെ മാതൃകയായി അവതരിപ്പിക്കുമ്പോൾ ബുഷിന്റെ ഭ്രാന്തമായ സാമ്രാജ്യത്വ നയങ്ങളെയാണ് ആക്രമിക്കുന്നത്. അമേരിക്കൻ ഘടനയിൽ നിന്നുകൊണ്ടുള്ള മാറ്റം ആണ് ഒബാമയുടെ ലക്ഷ്യം. അതിന്റെ പരിമിതികൾ ഒബാമക്കുമുണ്ടായിരിക്കും;ഘടനക്കുള്ളിൽ നിന്ന് മാറ്റത്തിന് ശ്രമിക്കുന്ന മറ്റേത് രാഷ്ട്രീയ നേതാവിനെയും പോലെ. അമേരിക്കയെ സമൂലം ഉടച്ചുവാർക്കാൻ വെമ്പുന്ന വിപ്ലവകാരിയല്ല ഒബാമ. അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെ സാമ്രാജ്യത്വവിരോധികൾക്കുള്ള ആവേശവും വികാരവും അതേപടി ഒബാമയിൽ പ്രതിഫലിക്കുമെന്ന് ആഗ്രഹിക്കുന്നതാണ് കൂടുതൽ റൊമാന്റിസം.

'ക്ഷേമരാഷ്ട്രം വേണമോ സാമ്രാജ്യത്വം വേണമോ എന്ന ചോദ്യം കാമ്പയിനിൽ ഉണ്ടായില്ല' (പേജ് 14). അതേക്കുറിച്ചൊക്കെ അർഥപൂർണമായ, സുവ്യക്തമായ നിലപാട് ഒബാമ സമർപ്പിക്കുന്നുണ്ട്; കാമ്പയിനിലല്ല, തന്റെ ഗ്രന്ഥത്തിൽ. ലേഖകൻ ഒബാമയെക്കുറിച്ച വിലയിരുത്തലുകൾക്കൊക്കെ ആധാരമാക്കുന്നത് ഇലക്ഷൻ കാമ്പയിനാണ്; ഞാനാകട്ടെ അദ്ദേഹത്തിന്റെ ഗ്രന്ഥവും (ലേഖകൻ ആ ഗ്രന്ഥം വായിച്ചിരുന്നെങ്കിൽ എന്നാശിച്ചുപോയി). തെരഞ്ഞെടുപ്പ് രണാങ്കണത്തിലെ ആരവങ്ങളും ആർത്തനാദങ്ങളും ഒപ്പം മീഡിയയുടെ പെരുമ്പറയും മാസ്മരിക കസർത്തുകളും ഒരു വ്യക്തിയുടെയോ അവസ്ഥയുടെയോ യഥാർഥ ചിത്രം നൽകുമെന്ന് തോന്നുന്നില്ല. ലേഖകൻ തന്നെ സമ്മതിക്കുന്ന പോലെ 'ഏതായാലും ഒബാമയുടെ ഈ ഇരട്ട വ്യക്തിത്വം കൂടുതൽ അപഗ്രഥിക്കേണ്ട ഒന്നാണ്" (പേജ് 14). പക്ഷേ അപഗ്രഥിക്കും മുമ്പു തന്നെ വിധിയെഴുതുകയാണ് ലേഖകൻ ചെയ്തത്!

ലേഖകൻ അനുമാനിക്കുന്നതുപോലെ അമേരിക്ക അകത്തും പുറത്തും ഇന്നനുഭവിക്കുന്ന ദുർഗതിക്ക് കാരണം സാമ്രാജ്യത്വ ദുർമോഹമാണ് എന്ന ഒബാമയുടെ നിഗമനം എന്റെ ദുർബലമായ കണ്ടെത്തലല്ല, അദ്ദേഹം തന്റെ ഗ്രന്ഥത്തിൽ പറഞ്ഞതാണ്. അമേരിക്കൻ വിദേശബന്ധത്തിന്റെ സ്വഭാവം വിവരിക്കാൻ ഒരു പൂർണ അധ്യായം തന്നെ ഒബാമ തന്റെ ഗ്രന്ഥത്തിൽ നീക്കിവെച്ചിട്ടുണ്ട്. സാമ്രാജ്യത്വഗർവും ദുർമോഹവുമാണ് അമേരിക്കയെ ഇന്നത്തെ പതനത്തിലെത്തിച്ചത് എന്നതിൽ അഭിപ്രായ വ്യത്യാസമുണ്ടാവുമെന്ന് തോന്നുന്നില്ല.

'റൊമാന്റിക് സ്വപ്നങ്ങളിലേക്കും വിഗ്രഹവത്കരണത്തിലേക്കും കാര്യങ്ങൾ ചുരുക്കിക്കെട്ടുന്ന രീതി എത്ര അഭികാമ്യമാണെന്ന് നാം ചിന്തിക്കണം' എന്ന ലേഖകന്റെ നിർദേശത്തോട് പൂർണമായും യോജിക്കുന്നു. അതോടൊപ്പം ഒരു വ്യക്തിയെ അയാളുടെ കർമമണ്ഡലത്തിലെത്തും മുമ്പ് തന്നെ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്താൻ ശ്രമിക്കുന്നത് അഭികാമ്യമാണോ എന്നും ചിന്തിക്കണം. അമേരിക്കൻ രാഷ്ട്രീയ ചരിത്രത്തിൽ ഒബാമ പുതിയ ഒരധ്യായം എഴുതിച്ചേർക്കില്ലെന്നാര് കണ്ടു? നമുക്കൽപം ക്ഷമയോടെ കാത്തിരുന്നുകൂടേ?- സ്വൽപം റൊമാൻസും ഇരിക്കട്ടെ, ബേജാറാവേണ്ട.

## അമേരിക്ക തകരുകയല്ല മാറുകയാണ് വേണ്ടത്

കാര്യങ്ങൾ വെളുപ്പിലും കറുപ്പിലും മാത്രം കാണുന്ന പല സാമ്രാജ്യത്വവിരുദ്ധരും അമേരിക്ക തകരണമെന്നാഗ്രഹിക്കുന്നു. തകരുമെന്ന് സ്വപ്നം കാണുന്നു. ബുഷ് ഭരണകൂടം പശ്ചിമേഷ്യയിൽ നടത്തിക്കൊണ്ടിരിക്കുന്ന രാക്ഷസീയമായ സംഹാര താണ്ഡവം കാണുമ്പോൾ അവരെ പഴിക്കാൻ പറ്റില്ല. പക്ഷേ യഥാർഥത്തിൽ വേണ്ടത് അമേരിക്ക തകരുകയല്ല, മാറുകയാണ്. ആധുനിക നാഗരികതക്ക് അമേരിക്ക ചെയ്ത സംഭാവനകൾ- അവയുടെ നിഷേധാത്മക വശങ്ങളോടൊപ്പം തന്നെ- നിഷേധിക്കേണ്ടതോ തിരോഭവിക്കേണ്ടതോ അല്ല. അമേരിക്കയെ ക്രൂരനായ ആഗോള ഗുണ്ടയാക്കിയ നേതൃത്വമാണ് തകരേണ്ടത്. വ്യത്യസ്തമായ പുതിയൊരു നേതൃത്വത്തിലൂടെ മാത്രമേ മാറ്റം അൽപമെങ്കിലും പ്രതീക്ഷിക്കാനാവൂ.

ibrahimtk@yahoo.ca